(ബി) പമ്പാ നദിയിൽ കോളിഫോം ബാക്ടീരിയ വർദ്ധിക്കാനുള്ള പ്രധാന കാരണം തീർത്ഥാടന സമയത്ത് അധികമായ തോതിൽ വരുന്ന സ്വീവേജ് മാലിന്യം നദിയിൽ എത്തിച്ചേരുന്നതുകൊണ്ടാണ്. ഇത് നേരിടുന്നതിനായി പമ്പയിൽ 3.5 എം.എൽ.ഡി. ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിന്റെ ശേഷി പര്യാപ്തമല്ല. ആയതിനാൽ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ശേഷി 5 എം.എൽ.ഡി.-യിലേക്ക് വർദ്ധിപ്പിക്കുവാനും സന്നിധാനത്ത് 5 എം.എൽ.ഡി.-യുടെ പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുവാനും നിർദ്ദേശം നൽകിയതുപ്രകാരം സന്നിധാനത്ത് പുതിയ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ല. പമ്പയിലെ ജലമാലിന്യത്തിന്റെ തോത് കുറയുന്നതിനായി പമ്പയിൽ ഫ്ലഷ് ഔട്ട് സംവിധാനത്തോടുകൂടിയ ചെക്ക് ഡാം നിർമ്മിച്ചിട്ടുണ്ട്. ഇതുവഴി പമ്പയിൽ അടിഞ്ഞുകൂടുന്ന മാലിന്യത്തിന്റെ തോത് കുറഞ്ഞിട്ടുണ്ട്.

കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണം

246(2715) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണത്തിന് തടസ്സമായിട്ടുള്ള ജെ.ഐ.സി.എ.-യുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

പ്രസ്തുത പ്രവൃത്തി പി.എച്ച്. ഡിവിഷൻ. ആലപ്പുഴ ഓഫീസിൽനിന്നും ടെണ്ടർ ചെയ്ത് കോൺട്രാക്ടർക്ക് അവാർഡ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ടി കോൺട്രാക്ടർ പ്രവൃത്തി ഉടങ്ങിയിട്ടില്ലാത്തതിനാൽ എത്രയും പെട്ടെന്ന് പ്രവൃത്തി പൂർത്തിയാക്കണമെന്ന് കാണിച്ച് കേരള വാട്ടർ അതോറിറ്റി 2-12-2015-ൽ നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly